# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യ ലഭ്യത</u>

2254 ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. റ്റി. വി. രാജേഷ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്ക് താമസം, ഭക്ഷണം, ശുദ്ധജലം ലഭ്യമാക്കൽ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിൽ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ചെലവഴിച്ചതനുസരിച്ചുള്ള നേട്ടങ്ങൾ ഈ മേഖലയിൽ ലഭ്യമായിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിലെ വീഴ്ചകളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ആദിവാസികൾക്കിടയിലെ ആരോഗ്യ ബോധവൽക്കരണം

2255 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ബോധവൽക്കരണത്തിനായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രൊമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ഹാംലെറ്റ് പദ്ധതി</u>

2256 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവന ങ്ങളുമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

ഫർണിച്ചർ നൽകുന്നതിനുള്ള പദ്ധതി

2257 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആദിവാസി പുനരധിവാസ വികസന മിഷൻ</u>

2258 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഈ സർക്കാർ വന്നതിന് ശേഷം എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചു; എവിടെയെല്ലാമാണ് ഭൂമി വിതരണം ചെയ്തത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 2006-ലെ വനാവകാശ നിയമം അനുസരിച്ച് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; എത്ര ഭൂമി വിതരണം ചെയ്തു; എവിടെയെല്ലാമാണ് ഭൂമി വിതരണം ചെയ്തത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര രൂപ ചെലവഴിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ആദിവാസി പുനരധിവാസമിഷൻ</u>

2259 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി പുനരധിവാസ മിഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മിഷന്റെ കീഴിൽ കഴിഞ്ഞ വർഷം എത്ര തുക ചിലവഴിച്ചു; എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഇതിന്റെ പ്രവർത്തനത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുകയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ മിഷന്റെ പ്രവർത്തനത്തിനായി അനുവദിച്ച തുക ഏതെങ്കിലും ഫാമിലെ തൊഴിലാളികൾക്ക് വി. ആർ. എസ്. നൽകുന്നതിന് ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) മേൽ ഉത്തരവ് പ്രകാരം ഏത് ഫാമിലെ തൊഴിലാളികളുടെ വി. ആർ. എസ്. തുക നൽകാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത തൊഴിലാളികളിൽ എത്ര പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായിട്ടുണ്ട്; ഇവരുടെ മേൽവിലാസം ഉൾപ്പെടെയുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ സങ്കേതങ്ങളിലെ വികസനപ്രവര്‍ത്തനങ്ങള്‍</u>

2260 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, പി.ബി. അബ്ദുള്‍ റസാക്
,, സി. മോയിന്‍കുട്ടി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ സങ്കേത അടിസ്ഥാനത്തിലുള്ള വികസന പ്രവര്‍ത്തനങ്ങള്‍ക്ക് കഴിഞ്ഞ വര്‍ഷം ഏറ്റെടുത്ത സങ്കേതങ്ങളെക്കുറിച്ചുള്ള വിശദവിവരം നല്കാമോ;

(ബി) ഓരോ സങ്കേതത്തിനും എന്തു തുക വീതം വകയിരുത്തി എന്നും എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കിയ സങ്കേതങ്ങളില്‍ ഉണ്ടായ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നല്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

2261

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുനലൂർ നിയോജക മണ്ഡലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ</u>

2262 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂരഹിത കേരളം പദ്ധതി പ്രകാരമാണ് ഭൂമി അനുവദിച്ചതെങ്കിൽ അത് എത്ര പേർക്കാണെന്നും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ഡി) ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ;

(ഇ) ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കുമുള്ള ഭൂമിവിതരണം എത്ര നാളിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ഗോത്രജ്യോതി പദ്ധതി</u>

2263 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ഗോത്ര ജ്യോതി പദ്ധതി</u>

2264 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോത്ര ജ്യോതി പദ്ധതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ഗോത്ര ജ്യോതി പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കിയ പരിപാടികൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ആയതിനുവേണ്ടി ചെലവിട്ട തുക വിവരം ഇനം തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ആദിവാസികളുടെ കടങ്ങൾ എഴുതിത്തള്ളൽ</u>

2265 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെടുന്നവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ബാങ്കുകളിൽ നിന്നും എടുത്ത എത്ര തുകയുടെ കടങ്ങളാണ് എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കടക്കെണിയിലായ ആദിവാസികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം</u>

2266 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിര ആവാസ് യോജന(ഐ.എ.വൈ.) പദ്ധതി പ്രകാരം എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പഴയ വീടുകൾ പൊളിച്ചിട്ട് പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പുതിയതായി അനുവദിച്ച വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത വീടുകളുണ്ടെങ്കിൽ അവ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>പട്ടികവർഗ്ഗകോളനിയിൽ അംഗൻവാടി നിർമ്മാണം</u>

2267 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി അധിവസിക്കുന്ന പ്രദേശത്ത് പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന അംഗൻവാടി നിർമ്മിക്കുവാൻ ഫണ്ട് ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഇത് ലഭ്യമാകുവാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

ആദിവാസി ഊരുകളിലുണ്ടായ ശിശുമരണ നിരക്കും ആദിവാസി സ്ത്രീകളിലെ മദ്യപാനവും

2268 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ ഉണ്ടായ ശിശുമരണങ്ങളുടെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ശിശുമരണങ്ങൾക്ക് കാരണം ആദിവാസി സ്ത്രീകളിലെ മദ്യപാനം മൂലമാണെന്ന കണ്ടെത്തൽ ഏതു പഠനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ശിശുമരണങ്ങൾക്കെതിരെ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ശിശുമരണം ആദിവാസി സ്ത്രീകളിലെ മദ്യപാനം മൂലമാണെന്ന ആരോപണം ശരിയെങ്കിൽ സ്ത്രീകളുടെ മദ്യപാനശീലത്തിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ മരണം</u>

2269 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പട്ടിക വർഗ്ഗത്തിൽപ്പെട്ട എത്ര കുട്ടികൾ മരിക്കാൻ ഇടയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം കോളനികളിൽ നിന്നാണെന്നും എത്രയൊക്കെ കുട്ടികൾ വീതമാണെന്നും പ്രത്യേകം വിശദമാക്കാമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ പോഷകാഹാര കുറവുമൂലമുള്ള മരണം

2270 ശ്രീ. മാത്യൂ. റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നവജാത ശിശുക്കൾ പോഷകാഹാര കുറവ് നിമിത്തം മരിക്കാൻ ഇടയായ സംഭവങ്ങളെ തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയാമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അട്ടപ്പാടിയിലെ ആദിവാസികളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>അട്ടപ്പാടിയിലെ നവജാതശിശുമരണം</u>

T2271

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിൽ നിരന്തരമായുണ്ടാകുന്ന നവജാതശിശുക്കളുടെ മരണം തടയുന്നതിന് സർക്കാർ നടപടികൾ ഫലപ്രദമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടി പാക്കേജ്</u>

2272 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ശിശുമരണങ്ങളാണ് അട്ടപ്പാടിയിൽ നടന്നതെന്ന് ഊരു തിരിച്ച് വ്യക്തമാക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പാക്കേജ് നടപ്പാക്കിതുടങ്ങിയോ; എന്നു മുതലാണ് നടപ്പാക്കിതുടങ്ങിയത്;

(സി) പാക്കേജ് പ്രകാരമുള്ള എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചത്; പദ്ധതി, വിനിയോഗിച്ച തുക, പദ്ധതി നടപ്പാക്കിയ ഊര് എന്നിവ വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളാണ് പാക്കേജ് നടപ്പാക്കുന്നതിന് പങ്കാളിയാവുന്നത്; പാക്കേജിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പാക്കേജ് നടപ്പാക്കി തുടങ്ങിയതിന് ശേഷം നാളിതുവരെ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഊരു തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം</u>

2273

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആറളം ഫാമിൽ സ്ഥലം വാങ്ങിയതിന്റെ ഉദ്ദേശ്യം</u>

2274 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പ് ആറളം ഫാമിൽ എത്ര സ്ഥലം എന്താവശ്യത്തിനായാണ് വിലയ്ക്ക് വാങ്ങിയത്;

(ബി) ഏത് ഫണ്ട് ഉപയോഗിച്ചാണ് സ്ഥലം വാങ്ങിയത്; സ്ഥലം വാങ്ങിയ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചോ;

(സി) ഇപ്പോൾ ഈ സ്ഥലം എന്താവശ്യത്തിനായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>ആറളം ഫാമിലെ സ്ഥലം പാട്ടത്തിന് നൽകൽ</u>

2275 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിലെ സ്ഥലം പാട്ടത്തിന് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം പാട്ടത്തിന് നൽകിയത് ആർക്കൊക്കെയാണ്;

(സി) ഇതുവഴി ആദിവാസി ക്ഷേമം സംരക്ഷിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആറളം ഫാമിലെ പൈനാപ്പിൾ കൃഷി</u>

2276 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ വാങ്ങിയ ആറളം ഫാമിലെ ഭൂമിയിൽ സ്വകാര്യ വ്യക്തികൾ വ്യാപകമായി കയ്യേറ്റം നടത്തി പൈനാപ്പിൾ കൃഷി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>ആറളം ഫാമിലെ പൈനാപ്പിള്‍ കൃഷി-പാട്ടത്തുക</u>

2277 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആറളം ഫാമില്‍ എത്രയേക്കറില്‍ സ്വകാര്യ വ്യക്തികള്‍ പൈനാപ്പിള്‍ കൃഷി നടത്തുന്നു; പ്രസ്തുത ഭൂമി ആര്‍ക്കെല്ലാമാണ് പാട്ടത്തിന് നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഒരേക്കറിന്റെ പാട്ടതുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) പാട്ടത്തിന് എടുത്ത ഭൂമിയിലധികവും പൈനാപ്പിള്‍ കൃഷിക്കായി പാട്ടക്കാരന്‍ ഉപയോഗിക്കുന്നതായി ആദിവാസി മിഷനോ ട്രൈബല്‍ ഓഫീസറോ റിപ്പോര്‍ട്ട് നല്‍കിയിട്ടുണ്ടോ; പ്രസ്തുത റിപ്പോര്‍ട്ടില്‍ സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

## കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

2278 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; വിശദാംശം
നൽകുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഇപ്പോൾ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ വാഹനം വാങ്ങുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>വെറ്ററിനറി സർവ്വകലാശാലയുടെ കൈവശമുള്ള ആദിവാസി ഭൂമി</u>

2279 ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവ്വകലാശാലയുടെ കൈവശം ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള വനഭൂമിയുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാരംശം വ്യക്തമാക്കുമോ;

(സി) കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉള്ളടക്കം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.06.2014-ലെ മറുപടിക്ക്

<u>കോയാലിപറമ്പത്ത് കോളനി റോഡ് നവീകരണം - കോഴിക്കോട് ജില്ല</u>

2280 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ കോയാലി പറമ്പത്ത് ട്രൈബൽ കോളനിയിൽ സഞ്ചാരയോഗ്യമായ റോഡില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് കോഴിക്കോടുനിന്ന് 07-02-2012-ന് കോയാലി പറമ്പത്ത് കോളനി റോഡ് നവീകരണത്തിനുവേണ്ടി 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികവർഗ്ഗ വികസന ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

ഹരിതയൗവ്വനം പദ്ധതി

2281 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിതയൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

**കേരള നിയമസഭ**
**17.06.2014–ലെ മറുപടിക്ക്**

<u>പുനർജനി പദ്ധതി</u>

2282 ശ്രീ. ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ?

**കേരള നിയമസഭ**
**17.06.2014-ലെ മറുപടിക്ക്**

<u>യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സംരംഭങ്ങൾ</u>

2283 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള
,, സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിലൂടെ ഈ സർക്കാർ ആരംഭിച്ച പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കൂടുതൽ തൊഴിൽ സംരംഭക പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്</u>

2284 ശ്രീ. വി.റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം തരം പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്ക് ഉദ്യോഗാർത്ഥികളുടെ ഇടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.06.2014-ലെ മറുപടിക്ക്

<u>യുവതലമുറയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം</u>

2285 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവതലമുറയ്ക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യുവജനങ്ങളിലെ മദ്യാസക്തിയും ലഹരിമരുന്നുപയോഗവും ഇല്ലാതാക്കുന്നതിന് യുവജനക്ഷേമ ബോർഡുവഴി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 08.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.